പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:803 28.09.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ബോഡി നിർമ്മാണം

ചോദ്യം ഉത്തരം

ശ്രീ. വി. ഡി. സതീശൻ
'' കെ. ശിവദാസൻ നായർ
'' റ്റി. എൻ. പ്രതാപൻ
'' വർക്കല കഹാർ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം കോർപ്പറേഷൻ മറ്റ് ഏജൻസികളെ കൊണ്ടാണോ നടത്തുന്നത് ; | (എ) | അല്ല |
| (ബി) | എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ; | (ബി) | ചോദ്യം ഉദിക്കുന്നില്ല. |
| (സി) | ബസ്സുകളുടെ ബോഡി നിർമ്മാണം പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (സി) യും (ഡി) യും | ഷാസ്സികളുടെ ലഭ്യത കുറവ് കാരണം നിർത്തിവെച്ചിരുന്ന ബസ് ബോഡി നിർമ്മാണം പുനഃരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 500 ചേസിസ്സുകൾക്ക് ടെണ്ടർ വിളിച്ച് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഒക്ടോബർ, നവംബർ മാസങ്ങളിൽ ചേസിസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി. യുടെ സെൻട്രൽ വർക്ക്ഷോപ്പിലും മറ്റ് നാല് റീജിയണൽ വർക്ക്ഷോപ്പുകളിലുമായി ഇവയുടെ ബോഡി നിർമ്മാണം നടത്തുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ; | | |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തെ ഏതെല്ലാം യൂണിറ്റുകളിലാണ് ബോഡി നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് ? | (ഇ) | കെ.എസ്.ആർ.ടി.സി.യുടെ സെൻട്രൽ വർക്ക്ഷോപ്പ് - പാപ്പനംകോട്, റീജിയണൽ വർക്ക്ഷോപ്പ് - ആലുവ, കോഴിക്കോട്, എടപ്പാൾ, മാവേലിക്കര എന്നിവിടങ്ങളിലാണ് ബോഡി നിർമ്മാണ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ